**സി.കെ മൊയ്തു മസ്കത്ത്**
ckmnittoor@gmail.com

# ഉപകാരമില്ലാത്ത അറിവ്

عَنْ زَيْدِ بْنِ أَرْقَمَ، قَالَ لاَ أُعَلِّمُكُمْ إِلاَّ مَا كَانَ رَسُولُ اللَّهِ صلى الله عليه وسلم يُعَلِّمُنَا يَقُولُ : اللَّهُمَّ إِنِّي أَعُوذُ بِكَ مِنْ قَلْبٍ لاَ يَخْشَعُ وَمِنْ نَفْسٍ لاَ تَشْبَعُ وَعِلْمٍ لاَ يَنْفَعُ وَدَعْوَةٍ لاَ يُسْتَجَابُ لَهَا (أخرجه مسلم والترمذي والنسائي).

**സൈദു ബ്നു അർഖമിൽനിന്ന്: പ്രവാചകൻ എന്താണോ ഞങ്ങളെ പഠിപ്പിച്ചത് അത് മാത്രമാണ് ഞാൻ നിങ്ങളെ പഠിപ്പിക്കുന്നത് എന്ന് പറഞ്ഞുകൊണ്ട് അദ്ദേഹം പറഞ്ഞു. ദൈവദൂതൻ ഇങ്ങനെ പ്രാർഥിക്കാറുണ്ടായിരുന്നു: 'നാഥാ, ഉപകാരമില്ലാത്ത വിജ്ഞാനം, ഭയപ്പാടില്ലാത്ത ഹൃദയം, മതിവരാത്ത മനസ്സ്, ഉത്തരം ലഭിക്കാത്ത പ്രാർഥന ഇവയിൽനിന്നെല്ലാം ഞാൻ നിന്നോട് അഭയം തേടുന്നു' (മുസ്‌ലിം, തിർമിദി, നസാഈ).**

മനുഷ്യന്റെ ഇഹപരവിജയത്തിനു നിദാനമായ പ്രധാനപ്പെട്ട നാലു കാര്യങ്ങളാണ് ഈ ഹദീസ് പ്രതിപാദിക്കുന്നത്. വിജ്ഞാനം കരസ്ഥമാക്കുന്നതിലൂടെ മനുഷ്യന് ലഭിക്കേണ്ട പല കാര്യങ്ങളുണ്ട്. സ്വന്തത്തിന് ഉപകാരമുണ്ടാവുക, പഠിപ്പിച്ചവന് ഉപകാരമുണ്ടാവുക, സമൂഹത്തിന് ഉപകരിക്കുക, മതപരവും ധാർമികവുമായ സംസ്കരണവും ഉയർച്ചയും ഉണ്ടായിത്തീരുക എന്നതൊക്കെയാണവ. പ്രവൃത്തിയില്ലാത്ത ഇൽമ് ഫലം കായ്ക്കാത്ത മരംപോലെയാകുന്നു.

മുസ്‌ലിം സമുദായത്തിലെ അഭ്യസ്തവിദ്യരായ ഭൂരിപക്ഷം പെൺകുട്ടികളും അവർ നേടിയ അറിവുകൾ ഒരു നിലക്കും പ്രയോജനപ്പെടുത്താനാകാതെ വീടുകളിൽ വെറുതെ ഇരിക്കുന്നുവെന്നാണ് പഠന റിപ്പോർട്ട്. കിടപ്പാടം വിറ്റും ലോണെടുത്തും മറ്റും ലക്ഷക്കണക്കിന് കടബാധ്യത ഉള്ളവരാണിവരിൽ അധികവും. ഭൗതിക ജീവിതത്തിൽ ഉപയോഗിച്ചിട്ടില്ലെങ്കിൽ, മരണാനന്തരം ഉപകാരപ്പെടാത്ത എം.ബി.ബി.എസ്, ബി.ഡി.എസ്, എഞ്ചിനീയറിംഗ്, സി.എ, എ.സി.സി.എ, ടി.ടി.സി, ബി.എഡ് പോലെയുള്ള കോഴ്സുകൾ നേടിയവരാണധികവും. മാത്രമല്ല വേറെ ഏതോ ഒരാൾക്ക് ലഭിക്കുമായിരുന്ന ഈ സീറ്റുകൾ നഷ്ടപ്പെട്ടുപോവുന്നുമുണ്ട് ഇതുവഴി. സമയവും അധ്വാനവും സമ്പത്തും ചെലവഴിച്ചു കരസ്ഥമാക്കിയ ഇത്തരം അറിവുകൾ ആർക്കും ഒരുപകാരവുമില്ലാതെ നഷ്ടപ്പെട്ടുപോവുകയാണ്. ഇവിടെയാണ് റസൂലി (സ) ന്റെ പ്രാർഥന നാം ഓർക്കേണ്ടത്: 'നാഥാ, ഉപകാരമില്ലാത്ത വിജ്ഞാനത്തിൽനിന്ന് ഞാൻ ശരണം തേടുന്നു.' ഈ പ്രാർഥന വെറും ആത്മീയ അറിവുകളിൽ മാത്രമായി പരിമിതപ്പെട്ടു നിൽക്കുന്നില്ല. മേൽപറഞ്ഞതുപോലുള്ള ഭൗതിക വിദ്യാഭ്യാസ മേഖലയുമായും അതിനെ ബന്ധപ്പെടുത്തണം.

മനുഷ്യജീവിതത്തിൽ ഏറ്റവും വലിയ ദുരന്തം മരണമല്ല. മരണം അല്ലാഹു നിശ്ചയിച്ച ഒരു ജൈവിക നടപടിക്രമം മാത്രമാണ്. മരണം അനുഗ്രഹമായിത്തീരുക പോലും ചെയ്യും ചിലപ്പോൾ. അതുകൊണ്ടാണ് അവശവാർധക്യം വരാതിരിക്കാനായി പ്രാർഥിക്കാൻ പ്രവാചകൻ നിർദേശിച്ചത്. എന്നാൽ ഏറ്റവും വലിയ ദുരന്തം നാം ജീവിച്ചിരിക്കെ ദൈവഭയം മനസ്സിൽനിന്ന് മരിച്ചുപോവുക എന്നതാണ്. أَعُوذُ بِكَ مِنْ قَلْبٍ لاَ يَخْشَعُ എന്ന പ്രാർഥനാഭാഗം നമ്മെ ഓർമിപ്പിക്കുന്നത് അതാണ്.

ഉള്ളതുകൊണ്ട് തൃപ്തിപ്പെടുക എന്നതാണ് ഐശ്വര്യം. മതിവരാത്ത മനസ്സിന്റെ ഉടമ ഏതു കൊള്ളരുതായ്മകളും ചെയ്യാൻ സന്നദ്ധനാകും. അന്യന്റെ അനുഗ്രഹങ്ങളിൽ അസൂയപ്പെട്ട് ഹൃദയസമ്മർദങ്ങളിൽ അകപ്പെടുക ഇവരുടെ ദുര്യോഗമാണ്. ومن نفس لاتشبع എന്ന പ്രയോഗം ഇവരെയാണ് സൂചിപ്പിക്കുന്നത്.

പ്രാർഥനക്ക് ഉത്തരം ലഭിക്കണമെങ്കിൽ ചില നിബന്ധനകൾ റസൂൽ (സ) നിർദേശിച്ചിട്ടുണ്ട്. അവന്റെ ഭക്ഷണം, വസ്ത്രം, പാർപ്പിടം എല്ലാം ഹറാമാണെങ്കിൽ എങ്ങനെ അവന് ഉത്തരം ലഭിക്കും എന്ന് മറ്റൊരു നബിവചനത്തിൽ വന്നിട്ടുണ്ടല്ലോ. തെറ്റുകൾ സംഭവിക്കുക മാത്രമല്ല, അതിന്റെ പരിഹാരമായ പ്രാർഥനക്കും ഉത്തരം ലഭിക്കാത്ത അവസ്ഥ സംജാതമാവുക എന്തുമാത്രം അപകടകരമാണ്! ومن دعوة لا يستجاب لها എന്ന വാക്യത്തിന്റെ ഗൗരവം അപ്പോഴാണ് നമുക്ക് ബോധ്യപ്പെടുക. ●